## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

### ഇന്ദിര ആവാസ് യോജന

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 428

05.02.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. ജെയിംസ് മാത്യു<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>,, ബി. സത്യൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇന്ദിര ആവാസ് യോജന പദ്ധതി നടപ്പാക്കിത്തുടങ്ങിയത് എന്നു മുതലാണ്; | (എ) | 1996 ജനുവരി 1 മുതലാണ് ഇന്ദിരാ ആവാസ് യോജന സ്വതന്ത്ര പദ്ധതിയായി നടപ്പിലാക്കി തുടങ്ങിയത്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം വീട് നിർമ്മാണത്തിന് നൽകിവരുന്ന തുക വർദ്ധിപ്പിച്ചുവോ; വർദ്ധനക്കനുസൃതമായി ത്രിതല പഞ്ചായത്തുകൾക്ക് ഫണ്ട് ലഭ്യമാക്കിയിരുന്നുവോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | വർദ്ധിപ്പിച്ചിട്ടുണ്ട്. 2011-12 വർഷത്തെ യൂണിറ്റ് കോസ്റ്റ് തുകയായ 48,500/- രൂപയ്ക്ക് സഹകരണ സ്ഥാപനങ്ങളിൽ നിന്നും 10 വർഷ തിരിച്ചടവ് കാലയളവിൽ വായ്പ എടുക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് സർക്കാർ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. 2012-13 വർഷത്തെ അധിക ബാധ്യത തുക ഹഡ്കോയിൽ നിന്നും വായ്പ എടുത്ത് നൽകുന്നതിന് സർക്കാർ നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | വർദ്ധനക്കനുസൃതമായി യഥാസമയം ഫണ്ട് അനുവദിക്കാത്തതു മൂലം പദ്ധതി നടത്തിപ്പ് അവതാളത്തിലായ കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് വിശദാംശങ്ങൾ നൽകാമോ; | (സി) | യഥാസമയം ഫണ്ട് ലഭ്യമാക്കുവാൻ സാധിച്ചില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2011-12 വർഷത്തിൽ 279.235 കോടി രൂപയും 2012-13 വർഷത്തിൽ 336.76 കോടി രൂപയും ഈ ഇനത്തിൽ സ്വരൂപിക്കേണ്ടതുണ്ടായിരുന്നു. |
| (ഡി) | യഥാസമയം നിശ്ചിത ഗഡുക്കൾ ലഭിക്കാത്തതുമൂലം വീട് നിർമ്മാണം പാതി വഴിയിലായ ഗുണഭോക്താക്കളുടെ | (ഡി) | 2011-12 വർഷത്തെ അധിക ബാധ്യത തുക സഹകരണ സ്ഥാപനങ്ങളിൽ നിന്നും 10 വർഷ തിരിച്ചടവ് കാലയളവിൽ വായ്പ എടുക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി |

| | | | |
|---|---|---|---|
| | ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ? | | നൽകി സർക്കാർ ഉത്തരവായതിൻ പ്രകാരം വായ്പ എടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. 2012-13 വർഷത്തെ അധിക ബാദ്ധ്യത തുകയായ 336.76 കോടി രൂപയിൽ ലഭ്യമാക്കിയ 155.75 കോടി രൂപ കിഴിച്ച് ബാക്കിയുള്ള 181.01 കോടി രൂപ ഹഡ്കോയിൽ നിന്ന് വായ്പ എടുത്ത് നൽകുവാനുള്ള നടപടി സർക്കാർ സ്വീകരിച്ചു വരുന്നു. 2013-14 വർഷത്തിൽ ആവശ്യമായ അധിക സംസ്ഥാന വിഹിതമായ 228.69 കോടി രൂപയും ഹഡ്കോയിൽ നിന്ന് വായ്പയെടുത്ത് ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകുവാനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ